വില്ലേജാഫീസറന്മാരും അക്കൗണ്ടൻസും.

* 63. [13] ശ്രീ. യു. നീലകണ്ഠൻ : † താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പേ കമ്മിഷൻ റിപ്പോർട്ടിൽ വില്ലേജാഫീസറന്മാർക്കും അക്കൌണ്ടൻസിനും നൽകിയിട്ടുള്ള ശമ്പളമെന്ത് ;

(ബി) ഒരു ക്ലാക്കിനുള്ളതിൽ കുറഞ്ഞ സ്കെയിൽ വില്ലേജാഫീസർക്കു നിശ്ചയിക്കാനുള്ള പ്രത്യേക സാഹചര്യമെന്ത് ; കൂടുതൽ യോഗ്യതകളെന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പേ കമ്മിഷൻ റിപ്പോർട്ടിന്മേൽ വില്ലേജ് ആഫീസറന്മാർക്കും അക്കൗണ്ടൻറന്മാർക്കും നൽകിയിട്ടുള്ള ശമ്പളം എന്തെന്ന് ഗവണ്മെൻറ് പ്രൊസീഡിംഗിസിൽ രേഖപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രത്യേക സാഹചര്യമൊന്നുമില്ല. എല്ലാ കാര്യങ്ങളും പരിഗണിച്ച് പേ കമ്മിഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നതനുസരിച്ചാണ് എന്നേ ഉള്ളൂ.

ശ്രീ. യു. നീലകണ്ഠൻ : പേ കമ്മിഷൻ റിപ്പോർട്ടിൽ ഏതെല്ലാം നിയമനങ്ങളെ സംബന്ധിച്ചാണ് ശുപാർശ ചെയ്തിരിക്കുന്നതെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനേകം നിയമനങ്ങളെപ്പറ്റി കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാം ഒരുമിച്ചു പറയുക പ്രയാസമാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : വില്ലേജ് ആഫീസറന്മാർക്ക് ക്ലാർക്കന്മാരെക്കാൾ കൂടുതൽ ഉത്തരവാദിത്വമുള്ള നിലയ്ക്കു ശമ്പളക്കൂടുതൽ കൊടുക്കേണ്ടതല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പേ കമ്മിഷൻ അതിനെപ്പറ്റി എല്ലാം പരിശോധിച്ചിട്ടാണ് റിപ്പോർട്ടയച്ചിട്ടുള്ളത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : വില്ലേജ് ആഫീസറന്മാർക്ക് ശമ്പളം കുറഞ്ഞുപോയി എന്നു പരാതികൾ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവക്കു മാത്രമല്ല, പലർക്കും ശമ്പളം കുറഞ്ഞുപോയി എന്നു പരാതികളുണ്ടായിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : വില്ലേജ് ആഫീസറന്മാരുടെ ശമ്പളക്കുറവു പരിഹരിക്കുന്നതിനെ സംബന്ധിച്ചിടത്തോളവും ഗവണ്മെൻറിന്റെ മനോഭാവം എന്താണെന്നു വെളിപ്പെടുത്താമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വില്ലേജ് ആഫീസറന്മാർക്ക് ശമ്പളം കൂട്ടിക്കൊടുക്കാൻ വിരോധമില്ല. പക്ഷേ അതിനുള്ള പരിതഃസ്ഥിതി തൽക്കാലം ഇല്ലെന്നുമാത്രം.

† As the Member was absent, the question was put by Shri P. R. Madhavan Pillai with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly